# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഫെബ്രുവരി 15, തിങ്കൾ

നിയമസഭ രാവിലെ 11.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

ഒ.എൻ.വി. കുറുപ്പിന്റെ നിര്യാണം

മി. സ്പീക്കർ: മലയാള കവിതയുടെ ഗതിവിഗതികളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി. കുറുപ്പ് ഫെബ്രുവരി 13-ന് അന്തരിച്ചു. കൊല്ലം ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ.എൻ. കൃഷ്ണക്കുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടെയും മകനായി 1931 മെയ് 27-ന് ജനിച്ച അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം തുടങ്ങി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കോഴിക്കോട് ആർട്സ് ആന്റ് സയൻസ് കോളേജ്, തലശ്ശേരി ഗവൺമെന്റ് കോളേജ്, തിരുവനന്തപുരം വിമൻസ് കോളേജ് എന്നിവിടങ്ങളിലും അദ്ദേഹം

സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജ്ഞാനപീഠ പുരസ്കാര ജേതാവായ അദ്ദേഹത്തെ പത്മശ്രീ, പത്മവിഭൂഷൻ പുരസ്കാരങ്ങൾ നൽകി രാഷ്ട്രം ആദരിച്ചു. കേന്ദ്ര, കേരള സാഹിത്യ അക്കാഡമി അവാർഡുകൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് എന്നിങ്ങനെ അനവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. മലയാള സിനിമ, നാടക ഗാനരംഗത്ത് അദ്ദേഹം ചെയ്ത സേവനങ്ങൾ അവിസ്മരണീയമാണ്. സിനിമാഗാനരചനയ്ക്ക് ദേശീയ അവാർഡും 13 പ്രാവശ്യം സംസ്ഥാന അവാർഡും അദ്ദേഹത്തിന് ലഭിച്ചു. സ്നേഹത്തിന്റെയും സ്വപ്നങ്ങളുടെയും ലോകത്തിന്റെ വെളിച്ചമാണ് ഒ.എൻ.വി.യുടെ കവിതകൾ. ജീവിതബോധമാണ് അദ്ദേഹത്തിന്റെ കവിതകളുടെ ഉറവിടം. "മുന്നോട്ട്" എന്ന കവിതയാണ് ഒ.എൻ.വി.യുടെ ആദ്യം പ്രസിദ്ധീകരിച്ച കവിത. 1949-ൽ "പൊരുതുന്ന സൗന്ദര്യം" എന്ന ആദ്യ കവിതാ സമാഹാരം പുറത്തുവന്നു. രചനകളുടെ വൈവിധ്യം, ലാളിത്യം തുടങ്ങിയവ ഒ.എൻ.വി. കവിതകളുടെ പ്രത്യേകതയാണ്. കാല്പനിക വിഷാദവും വ്യക്തിഗത ദു:ഖങ്ങളും ദർശനങ്ങളുടെ നിറഭേദങ്ങളും അദ്ദേഹത്തിന്റെ കവിതയിൽ ദർശിക്കാം. ചുറ്റും നടക്കുന്ന ധർമ്മച്യുതിക്കെതിരെ അദ്ദേഹം വാളോങ്ങുന്നുമുണ്ട്. കവിതകളെപ്പോലെതന്നെ ഒ.എൻ.വി.യുടെ സിനിമാ/നാടക ഗാനങ്ങളും അതിമനോഹരവും മോഹനസുന്ദരവുമാണ്. സംഗീതത്തിന്റെ സൗന്ദര്യാത്മക ഭാവങ്ങളൊക്കെയും കലർന്നിട്ടുള്ള സ്നേഹസ്പർശമാണ് ഒ.എൻ.വി.യുടെ പാട്ടുകൾ.

കേരള കലാമണ്ഡലം ചെയർമാൻ, കേന്ദ്രസാഹിത്യ അക്കാഡമി അംഗം, കേരള സാഹിത്യ അക്കാഡമി അംഗം, ഇന്ത്യൻ പ്രോഗ്രസീവ് റൈറ്റേഴ്സ് ദേശീയ അദ്ധ്യക്ഷൻ എന്നീ പദവികളും അദ്ദേഹം വഹിച്ചിട്ടുണ്ട്. രാഷ്ട്രീയ ജീവിതത്തിൽ അദ്ദേഹം നൽകിയ വിലപ്പെട്ട ഉപദേശങ്ങൾ എന്നും എനിക്ക് മാർഗ്ഗദർശകമായിരുന്നു. കേരള നിയമസഭയുടെ ആദ്യ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പിയുടെ സ്മരണ നിലനിർത്തുവാൻ നിയമസഭാ മന്ദിരത്തിൽ സ്മാരകം വേണമെന്ന നിർദ്ദേശം അദ്ദേഹം രേഖാമൂലം നൽകിയതിനുപുറമെ നേരിട്ടും ആവശ്യപ്പെട്ട കാര്യം ഈ അവസരത്തിൽ സ്മരിക്കുന്നു. മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി ലഭിക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ സ്മരണീയമാണ്. ഒ.എൻ.വി. കുറുപ്പിന്റെ നിര്യാണത്തോടെ, സുദീർഘമായ കാവ്യസപര്യയിലൂടെ നന്മയുടെ വെളിച്ചവും അക്ഷര ചൈതന്യവും പകർന്ന് നൽകിയ മഹാകവിയേയും ഗുരുനാഥനേയും മാനവികതയുടെ മുന്നണി പോരാളിയേയുമാണ് സാംസ്കാരിക കേരളത്തിന് നഷ്ടമായിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭാദ്ധ്യക്ഷൻ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇന്ന് പ്രണാമം അർപ്പിക്കാനെത്തിയ ജനസഞ്ചയം അദ്ദേഹത്തെ ജനങ്ങൾ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്നതിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ്. പ്രകൃതിസ്നേഹി എന്ന നിലയിലും മലയാളത്തിന്റെ

പ്രിയകവി എന്ന നിലയിലും അദ്ദേഹം മലയാളികളുടെ മനസ് കീഴടക്കി. നാട് നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും അദ്ദേഹത്തിന്റെ സർഗ്ഗസൃഷ്ടിക്ക് പാത്രീഭവിച്ചു. പ്രകൃതിയേയും മണ്ണിനേയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് അദ്ദേഹം നിരന്തരം വിരൽചൂണ്ടി. അദ്ധ്യാപകനെന്ന നിലയിൽ അദ്ദേഹത്തിന് വിപുലമായ ശിഷ്യസമ്പത്താണുള്ളത്. മലയാളത്തെ ശ്രേഷ്ഠഭാഷയാക്കാനും ഔദ്യോഗിക ഭാഷയാക്കാനുമുള്ള പരിശ്രമത്തിന് അദ്ദേഹം നൽകിയ പിന്തുണയും നേതൃത്വവും എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. അദ്ദേഹത്തിന്റെ സർഗ്ഗസൃഷ്ടികൾ കാലത്തെ അതിജീവിക്കുന്നവയും തലമുറകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നവയുമാണ്. ഒ.എൻ.വി. കുറുപ്പിന്റെ ഓർമ്മകൾ നിലനിർത്തുന്നതിനായി തിരുവനന്തപുരത്ത് അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുന്നതിനും ജന്മനാടായ ചവറയിൽ ഒ.എൻ.വി. കവിതകളുടെ ദൃശ്യാവിഷ്ക്കാരം ഉൾപ്പെടുത്തി കലാഗ്രാമം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് മുമ്പിൽ പ്രണാമം അർപ്പിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും പങ്കുചേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): മഹാകവി ഒ.എൻ.വി. കുറുപ്പിന്റെ വേർപാടുമൂലം മലയാളഭാഷയ്ക്കും മലയാളികൾക്കും ഉണ്ടായിട്ടുള്ള വേദനയിലും തീരാദുഃഖത്തിലും ഞാനും പങ്കുചേരുന്നു. മലയാളത്തെ

ശ്രേഷ്ഠഭാഷാ പദവിയിലെത്തിക്കുന്നതിന് അദ്ദേഹം നടത്തിയ ഇടപെടലുകൾ ഭാഷാ ചരിത്രത്തിലെ ദീപ്തമായ ഒരദ്ധ്യായമാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടോളമായി മലയാള കാവ്യശാഖയുടെ വികാസപരിണാമ ഘട്ടങ്ങളിലെല്ലാം മഹാമേരുവിനെപ്പോലെ ഒ.എൻ.വി. ശിരസ്സുയർത്തിനിന്നു. അനശ്വരങ്ങളായ നിരവധി കാവ്യങ്ങൾക്കൊപ്പം ഹൃദയഹാരിയായ ചലച്ചിത്രഗാനങ്ങൾകൊണ്ടും ഒ.എൻ.വി. മലയാളഭാഷയെയും സാഹിത്യത്തെയും ധന്യമാക്കി. കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ ചരിത്രത്തെ പുതുക്കിപ്പണിയുന്നതിന് കെ.പി.എ.സി. നിർവ്വഹിച്ച സൗഹൃദ ദൗത്യത്തിന്റെ പങ്ക് അദ്ദേഹത്തിനുകൂടി അവകാശപ്പെട്ടതാണ്. എഴുത്തിലും ജീവിതത്തിലും എന്നും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങൾക്കൊപ്പം അദ്ദേഹം നിലയുറപ്പിച്ചു. നിർണ്ണായക സാമൂഹിക സാംസ്കാരിക സന്ദർഭങ്ങളിലെല്ലാം അദ്ദേഹം മനുഷ്യന്റെ പക്ഷത്തായിരുന്നു. അസഹിഷ്ണുതയ്ക്കെതിരെ തീർത്ത സാംസ്കാരിക പ്രതിരോധമായ ശ്രീ. ഗുലാം അലിയുടെ ഗസൽരാവാണ് അദ്ദേഹം അവസാനമായി പങ്കെടുത്ത പൊതുചടങ്ങ്. യാദൃശ്ചികമായ അർത്ഥദീപ്തി അദ്ദേഹം പങ്കെടുത്ത അവസാന ചടങ്ങിലും ഉണ്ടായിരുന്നു. മനുഷ്യനെയും അവന്റെ വ്യഥകളെയും ഹൃദയപക്ഷത്ത് പ്രതിഷ്ഠിച്ച ഒ.എൻ.വി.യുടെ ഓർമ്മകൾക്കുമുന്നിൽ ആദരവോടെ ശിരസ്സ് നമിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ.

കുഞ്ഞാലിക്കുട്ടി): അധികാരസ്ഥാനങ്ങളിൽ വരാത്ത ഈ മഹത് വ്യക്തിക്കുള്ള ചരമോപചാരം അപൂർവ്വവും അസാധാരണവുമാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ഓരോ മലയാളിയും ദുഃഖിക്കുകയാണ്. പ്രകൃതിയെയും മനുഷ്യനെയും അനുദിനം ബാധിച്ചുകൊണ്ടിരിക്കുന്ന വിഷയങ്ങളെ ഹൃദയഹാരിയായ രൂപത്തിൽ ഏതൊരു സാധാരണക്കാരന്റെയും മനസ്സിൽ തങ്ങിനിൽക്കത്തക്കനിലയിൽ ഗാനങ്ങളായും കാവ്യങ്ങളായും അദ്ദേഹം അവതരിപ്പിച്ചു. ഓർമ്മയിൽ തങ്ങിനിൽക്കുന്ന അനവധി ഗാനങ്ങൾ അദ്ദേഹത്തിന്റെ അനശ്വര സ്മരണയായി എന്നും നിലനിൽക്കും. ഈ സഭ അദ്ദേഹത്തിനു നൽകുന്ന ആദരവിൽ ബഹുമാനിതരാകുന്നത് കേരളീയരാണ്. ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായും യോജിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: മലയാളത്തിന്റെ പ്രിയ കവി ഒ.എൻ.വി.കുറുപ്പിന്റെ നിര്യാണം മലയാളത്തിനുമാത്രമല്ല രാജ്യത്തിനാകെ തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ രചനകളിലും പ്രഭാഷണങ്ങളിലും സമൂഹത്തിന്റെ പുരോഗതിക്കും സാമൂഹ്യമാറ്റത്തിനും വേണ്ടിയുള്ള ശബ്ദമായിരുന്നു. വിദ്യാർത്ഥി പ്രസ്ഥാനമായ എ.ഐ.എസ്.എഫ്-ലൂടെ കലാലയരംഗത്തേയ്ക്ക് കടന്നുവരികയും നാടിന്റെ മാറ്റത്തിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്ത ബഹുമുഖ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. കവി, അദ്ധ്യാപകൻ, ഗാനരചയിതാവ് എന്നീ നിലകളിൽ സ്വന്തം കാഴ്ചപ്പാടുകൾ ഭൂമണ്ഡലമാകെ വ്യാപിപ്പിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

മലയാളത്തിന് ഒരു കാലത്തും മറക്കാൻ കഴിയാത്ത മഹാനായ കവിയുടെ നിര്യാണം നാടിന് തീരാനഷ്ടമാണ്. ഇവിടെ പ്രകടിപ്പിച്ച വികാരത്തിൽ പങ്ക് ചേർന്നുകൊണ്ട് എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. കെ. എം. മാണി: ഭാരതീയ കാവ്യസംസ്കാരത്തിന്റെ ചൈതന്യവും വിപ്ലവ ആശയങ്ങളുടെ വീര്യവും സമന്വയിപ്പിച്ച വ്യക്തിയായിരുന്നു ഒ.എൻ.വി.കുറുപ്പ്. ജ്ഞാനപീഠം ഉൾപ്പെടെ അനേകം ദേശീയ അംഗീകാരങ്ങൾ നേടിയിട്ടുള്ള ഒരു മഹാകവിയെയാണ് കേരളത്തിന് നഷ്ടമായത്. മാനവസ്നേഹത്തിനുവേണ്ടി പോരാട്ടം നടത്തിയ സ്നേഹ ഗായകനായിരുന്ന ഒ.എൻ.വി. പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങൾക്കുവേണ്ടിയാണ് മുഖ്യമായും കവിത എഴുതിയത്. പ്രകൃതിയെ സ്നേഹിച്ച കവിയായിരുന്നു. പകയുടെയും വിദ്വേഷത്തിന്റെയും നെരിപ്പോടിൽ എരിയുന്ന വർത്തമാനകാല മലയാളിക്ക് സ്നേഹത്തിന്റെ വിളക്ക് നൽകിയ അദ്ദേഹം മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് പുതിയ നിർവ്വചനം നൽകി. മലയാളിയെ സർവ്വ ജനകീയമാക്കിയ മലയാളത്തിന്റെ പിതാവാണ് ഒ.എൻ.വി. പ്രകൃതിയേയും പരിസ്ഥിതിയേയും കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ കഴിയുന്നതാണ് അദ്ദേഹത്തിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ സ്മാരകം. മലയാളത്തിന് ക്ലാസിക്കൽ പദവി നേടിത്തരാൻ സഹായിച്ച മഹാകവി ഒ.എൻ.വി.-യുടെ വേർപാടിലൂടെ മലയാള കവിതയുടെ ഒരു യുഗം അവസാനിക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: മലയാള മണ്ണിനേയും ഭാഷയേയും സ്നേഹിച്ച ഒ.എൻ.വി.-യുടെ വിയോഗം മലയാളികൾ വളരെ വേദനയോടുകൂടിയാണ് ശ്രവിച്ചത്. മാതൃകാ അദ്ധ്യാപകൻ, പ്രഭാഷകൻ, മികവുറ്റ മനുഷ്യസ്നേഹി എന്നീ നിലകളിൽ അദ്ദേഹം എന്നും സ്മരിക്കപ്പെടും. ഭൂമിയേയും ഭൂമിയിലെ വിഭവങ്ങളേയും അമിതമായി ചൂഷണം ചെയ്യുന്ന പ്രവണത അവസാനിപ്പിക്കാനുള്ള ആഹ്വാനം അദ്ദേഹത്തിന്റെ എല്ലാ രചനകളിലുമുണ്ടായിരുന്നു. സൈലന്റ്‌വാലി സംരക്ഷിക്കുന്നതുൾപ്പെടെ, ആറന്മുള വിമാനത്താവള പദ്ധതിയിലടക്കം അദ്ദേഹമെടുത്ത നിലപാട് സമൂഹികപ്രതിബദ്ധതയോടെ വിവിധതലങ്ങളിൽ സജീവമായി ഇടപെട്ട് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നുവെന്നതിന് തെളിവാണ്. മണ്ണിൽ പിറന്ന എല്ലാവർക്കും അന്നവും വസ്ത്രവും കിടക്കാൻ ഇടവും ഒരുപോലെ ലഭിക്കുന്ന സാമൂഹിക-സാമ്പത്തിക വ്യവസ്ഥയ്ക്കുവേണ്ടി അദ്ദേഹം പോരാടിയിരുന്നു. മലയാളഭാഷയ്ക്ക് ശ്രേഷ്ഠപദവി നേടിയെടുക്കാനും മലയാളത്തിന്റെ പ്രസക്തിയും മഹത്വവും ഉന്നതങ്ങളിലെത്തിക്കുവാനുംവേണ്ടി അക്ഷീണം പ്രവർത്തിച്ച ഭാഷാസ്നേഹിയാണ് ഒ.എൻ.വി. കാറൽമാർക്സിന്റെ ശവകുടീരം സന്ദർശിച്ച് "ശവകുടീരത്തിൽ നീ ഉറങ്ങുമ്പോഴും ഇവിടെ നിൻവാക്ക് ഉറങ്ങാതിരിക്കും.” എന്ന് കുറിച്ചിട്ടതുപോലെ ഒ.എൻ.വി.-യുടെ വാക്കുകൾ ഉറങ്ങാതിരിക്കുന്നവയാക്കി മാറ്റിയെടുക്കാൻ യത്നിച്ചുകൊണ്ട് അദ്ദേഹത്തിന് എന്റെയും എന്റെ പാർട്ടിയുടെയും

ആദരാഞ്ജലികളർപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കാവ്യസാഹിത്യത്തെ ജനപ്രിയമാക്കുകയും ഗാനസാഹിത്യത്തെ കാവ്യഗാംഭീര്യത്തിലേയ്ക്കുയർത്തുകയും മാതൃഭാഷയുടെ കാവൽഭടനായി നിലയുറപ്പിക്കുകയും ചെയ്ത മഹാനായ ഒ.എൻ.വി. ഒരു ബഹുമുഖ പ്രതിഭയായിരുന്നു. വിശ്വമാനവികതയും പ്രപഞ്ചമഹിമയും തന്റെ കവിതകളിലൂടെ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലെത്തിച്ച ജ്ഞാനപീഠ ജേതാവിന്റെ കൃതികൾ ഹരിതസമൃദ്ധമാണ്. നാടകഗാനങ്ങളും ചലച്ചിത്രഗാനങ്ങളും ലളിതഗാനങ്ങളുംകൊണ്ട് മാണിക്യ വീണമീട്ടിയ സർഗ്ഗാത്മാവിന്റെ വിയോഗംമൂലം മലയാള സാഹിത്യ ലോകത്തിലുണ്ടായിരിക്കുന്ന വിടവ് ഒരിക്കലും നികത്താൻ കഴിയില്ല. അനേകം ദശാബ്ദങ്ങൾ കഴിഞ്ഞാലും ഒ.എൻ.വി. കവിതയുടെ തേജസ്സിന് യാതൊരു മങ്ങലുമേൽക്കില്ല. ജീവിതത്തിന്റെയും പ്രകൃതിയുടെയും മനുഷ്യന്റെയും പാട്ടുകാരന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: അനന്തപുരിയുടെ മഹാപ്രതിഭയായിരുന്നു ഒ.എൻ.വി. തെളിനീരിന്റെ വിശുദ്ധിയും നറുതേനിന്റെ മാധുര്യവും കണ്ണീരിന്റെ ഉപ്പും അദ്ദേഹത്തിന്റെ കവിതകളിൽ സമ്മേളിച്ചിട്ടുണ്ട്. പോയകാലത്തിന്റെ മധുരസ്മരണകളും വിപ്ലവത്തിന്റെ അഗ്നിജ്വാലകളും തന്റെ കവിതകളിലൂടനീളം

പ്രതിഫലിപ്പിക്കുകയുണ്ടായി. എപ്പോഴും വിശുദ്ധിയുടെ പ്രതീകമായി ജീവിച്ച ഒ.എൻ.വി.-യുടെ ദീപ്തസ്മരണകൾക്കുമുമ്പിൽ ഞാനും എന്റെ പാർട്ടിയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ചവറയിൽ ജനിച്ച ഒ. എൻ. വി. കുറുപ്പ് വിദ്യാർത്ഥിയായിരുന്ന കാലംമുതൽ തൊഴിലാളി പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തിയിരുന്നു. ചവറയിലെ കരിമണൽത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും ദയനീയമായ സ്ഥിതിഗതികൾ കണ്ടു വളർന്ന അദ്ദേഹത്തിലെ കാവ്യാത്മകത അദ്ദേഹത്തെ ജ്ഞാനപീഠ ജേതാവാക്കി. കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം പോരാടിയത്. സാമൂഹ്യമാറ്റത്തിനുവേണ്ടി നിലകൊണ്ട സാഹിത്യകാരൻമാരിൽ അദ്ദേഹം പ്രഥമസ്ഥാനീയനാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: വളരെ ചെറിയ പ്രായത്തിൽ കവിതാരംഗത്ത് പ്രവേശിച്ച് മലയാളിയുടെ മനസ്സിൽ വിപ്ലവത്തിന്റെ വിത്തുകൾ വിതറിയ

മഹാകവിയായിരുന്ന ഒ. എൻ. വി. കുറുപ്പ്. കെ.പി.എ.സി.യിലൂടെയും കാളിദാസ കലാകേന്ദ്രത്തിലൂടെയും സാധാരണക്കാർക്ക് പാടാൻ കഴിയുന്ന വരികൾ രചിച്ച് ആവേശം പകർന്ന അദ്ദേഹത്തിന് സിനിമാരംഗത്തും അത്ഭുത പ്രതിഭ തെളിയിക്കാൻ സാധിച്ചു. സംഗീതത്തിൽ വ്യത്യസ്തത പുലർത്തുന്ന കവിതകൾ രചിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനും കലാമണ്ഡലം സർവ്വകലാശാലയാക്കുന്നതിനും മലയാളം സർവ്വകലാശാല ആരംഭിക്കുന്നതിനും അദ്ദേഹം വഹിച്ച പങ്ക് വിസ്മരിക്കാൻ കഴിയുന്നതല്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളോടുള്ള ദുഃഖം പങ്കുവയ്ക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികളർപ്പിക്കുന്നു, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കവിതകളിലൂടെയും ഗാനങ്ങളിലൂടെയും മലയാളികളെ ഇത്രയേറെ സ്വാധീനിച്ച മറ്റൊരു വ്യക്തി ഇനി ഉണ്ടാവുകയില്ല. പുരസ്കാരങ്ങൾ അദ്ദേഹത്തെ കൂടുതൽ വിനായാന്വിതനാക്കുകയാണുണ്ടായത്. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ അദ്ദേഹം നിറസാന്നിധ്യമായിരുന്നു. വരികൾ

തന്നെയാണ് അദ്ദേഹത്തിന്റെ നിത്യസ്മാരകം. മലയാളി ഉള്ളിടത്തോളം കാലം അദ്ദേഹം സ്മരിക്കപ്പെടുകതന്നെ ചെയ്യും. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളോടുള്ള ദുഃഖം പങ്ക് വയ്ക്കുകയും എന്റെ പാർട്ടിയുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു)

സഭ ഉച്ചയ്ക്കുശേഷം12.09-ന് പിരിഞ്ഞു.

****